(ബി) അനുബന്ധം 1 - ആയി വച്ചിട്ടുണ്ട്.*(23.6.2000) ലെ സർക്കാർ ഉത്തരവ് (സാധാരണ) നം. 141/2000/ ഉഭപവ.

(സി) ധനകാര്യ വകുപ്പിന്റെ നിലവിലുള്ള ഇക്കോണമി ഓർഡേഴ്സിന്റെ വെളിച്ചത്തിൽ ടി ഉത്തരവ് പുനഃപരിശോധനയ്ക്കു വിധേയമാക്കി റദ്ദാക്കുകയാണുണ്ടായത്.

(ഡി) ധനകാര്യവകുപ്പിൽ നിന്നും കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ധനവ്യയനിയന്ത്രണം സംബന്ധിക്കുന്ന ഉത്തരവുകൾ.

(ഇ) അനുബന്ധം - II ആയി വച്ചിട്ടുണ്ട്.*

(18.4.98 -ലെ സർക്കാർ ഉത്തരവ് ജി.ഒ. (പി) നം. 1379/98/ഫിൻ.)

9 (12) മന്ത്രിമാരുടെ ടെലിഫോൺ ചാർജ്ജ്

ശ്രീമതി റോസമ്മ ചാക്കോ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രിയുൾപ്പെടെ ഓരോ മന്ത്രിമാരുടെയും ഓഫീസിലുള്ള ടെലിഫോണുകൾക്കും, കാൾ ചാർജ്ജ്, വാടക എന്നിവയ്ക്കു വേണ്ടി എന്തു തുക വീതം ചെലവായിട്ടുണ്ട്;

(ബി) മുഖ്യമന്ത്രിയുൾപ്പെടെയുള്ള ഓരോ മന്ത്രിമാരുടെയും ഔദ്യോഗിക വസതിയിലുള്ള ടെലിഫോണുകൾക്ക് കാൾ ചാർജ്, വാടക എന്നിവയ്ക്കു വേണ്ടി എന്തു തുക വീതം ചെലവഴിച്ചിട്ടുണ്ട്;

(സി) ഓരോ മന്ത്രിമാരുടെയും നിയോജകമണ്ഡലത്തിലെ വീടുകളിൽ സ്ഥാപിച്ചിട്ടുള്ള ഫോണിന് വാടക, കാൾചാർജ്ജ് എന്നീയിനങ്ങളിൽ എന്തു ചെലവ് വന്നിട്ടുണ്ട്;

(ഡി) ഏതെല്ലാം മന്ത്രിമാരുടെ ഓഫീസുകളിൽ പി.എ.ബി.എക്സ്. ടെലിഫോൺ എക്സ്ചേഞ്ചുകൾ സ്ഥാപിച്ചിട്ടുണ്ട്; അതിനുവേണ്ടി എന്തു ചെലവ് വന്നിട്ടുണ്ട്.?

ഉത്തരം

(എ) ഓരോ മന്ത്രിമാരുടെയും ചെലവ് സംബന്ധിച്ച വിവരം അനുബന്ധം - 1 ൽ കൊടുത്തിരിക്കുന്നു.*

(ബി) ഓരോ മന്ത്രിമാരുടെയും ചെലവ് സംബന്ധിച്ച വിവരം അനുബന്ധം 2-ൽ കൊടുത്തിരിക്കുന്നു.*

(സി) ഓരോ മന്ത്രിമാരുടെയും ചെലവ് അനുബന്ധം 3-ൽ കൊടുത്തിരിക്കുന്നു.*

(ഡി) മുഖ്യമന്ത്രി, വനം, ഗതാഗത വകുപ്പുമന്ത്രി, ധനകാര്യമന്ത്രി, വ്യവസായ സാമൂഹ്യക്ഷേമവകുപ്പു മന്ത്രി, തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി, പിന്നോക്ക വിഭാഗ ക്ഷേമവകുപ്പുമന്ത്രി എന്നിവരുടെ ഓഫീസുകളിൽ ടെലി

---

* അനുബന്ധം X (a,b)

* അനുബന്ധം XI (a,b,c)

LIBRARY ARCHIVES Kerala Legislative Assembly

ഫോൺ എക്സ്ചേഞ്ചുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈയിനത്തിൽ സർക്കാരിന് 1,87,134/- രൂപ ചെലവായിട്ടുണ്ട്.

10 (13) മന്ത്രിമാരുടെ ഔദ്യോഗിക വസതി മോടിപിടിപ്പിക്കൽ

ശ്രീ. അടൂർ പ്രകാശ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രി ഉൾപ്പെടെ ഓരോ മന്ത്രിമാരുടെയും ഔദ്യോഗിക വസതികൾ മോടിപിടിപ്പിക്കുന്നതിന് എന്തു തുക ചെലവായിട്ടുണ്ട്;

(ബി) മുഖ്യമന്ത്രിയുൾപ്പെടെയുള്ള ഓരോ മന്ത്രിയ്ക്കും വേണ്ടി ക്രോക്കറി, കട്ലറി സാധനങ്ങളും അടുക്കളയ്ക്കു വേണ്ടിയുള്ള മറ്റുപകരണങ്ങളും വാങ്ങിയ വകയിൽ എന്തു തുക ചെലവായി.?

ഉത്തരം

(എ,ബി) വിവരം ശേഖരിച്ച് വരുന്നു.

11(14) പുതുതായി സൃഷ്ടിച്ച തസ്തികകൾ

ശ്രീ. എം.എ. തോമസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജനറൽ അഡ്മിനിസ്ട്രേഷൻ, ധനകാര്യ വകുപ്പ്, നിയമവകുപ്പ് എന്നിവിടങ്ങളിൽ പുതുതായി എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; ഇവയുടെ കാറ്റഗറി തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വകുപ്പുകളിൽ ഇതേ കാലയളവിൽ എത്ര തസ്തികകൾ നിർത്തലാക്കി; ഇവയുടെ കാറ്റഗറി തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) ഇതുമൂലം സർക്കാരിനുണ്ടായ അധിക ബാദ്ധ്യത എത്ര?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അഡ്ഃസെക്രട്ടേറിയറ്റിൽ 172 തസ്തികകളും ധനകാര്യ വകുപ്പിൽ 58 തസ്തികകളും നിയമവകുപ്പിൽ 11 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. തസ്തിക തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) അഡ്ഃ സെക്രട്ടേറിയറ്റിൽ സൂപ്പർ ന്യൂമറിയായി സൃഷ്ടിക്കപ്പെട്ട ഒരു അസിസ്റ്റന്റ് ഗ്രേഡ് -2 തസ്തിക നിർത്തലാക്കിയിട്ടുണ്ട്.

(സി) ഏകദേശം 1.90 കോടി രൂപ സാമ്പത്തിക ബാദ്ധ്യത വരുമെന്നു കണക്കാക്കുന്നു.

---

* അനുബന്ധം XII

LIBRARY ARCHIVES Kerala Legislative Assembly

All Treasury Officers/The Managing Director/ General Manager of all Government Companies/Boards/ Corporations.

The Director of Public Relations, Thiruvananthapuram.

General Administration (SC) Department vide item No.1654 dated 10-3-1998.

The private Secretary to the Speaker.

The Private Secretary to the Deputy Speaker.

അനുബന്ധം-XI (a)

18.12.2000-ലെ നക്ഷത്രചിഹ്നമിടാത്ത 9 (12)-ാം നമ്പർ ചോദ്യം ദയവായി കാണുക

നായനാർ മന്ത്രിസഭയിലെ ഓരോ മന്ത്രിമാരുടേയും ഓഫീസിലെ ടെലിഫോണുകൾക്കു കാൾ ചാർജ്/വാടക ഇനത്തിൽ ചെലവായ തുക (30.11.2000 വരെ)

മന്ത്രി	ചെലവായ തുക
മുഖ്യമന്ത്രി	24,52,101/- രൂപ
ജലസേചനം ആന്റ് തൊഴിൽ	11,36,076/- ,,
ഭക്ഷ്യം ആന്റ് വിനോദ സഞ്ചാരം	9,16,861/- ,,
റവന്യൂ	13,56,988/- ,,
വിദ്യാഭ്യാസവും മരാമത്തും	23,27,004/- ,,
വനവും ഗതാഗതവും ദേവസ്വവും	21,40,208/- ,,
തദ്ദേശ സ്വയംഭരണം	14,67,336/- ,,
വൈദ്യുതിയും സഹകരണവും	10,31,700/- ,,
പിന്നോക്ക വിഭാഗ ക്ഷേമം	8,50,278/- ,,
കൃഷി	9,29,391/- ,,
മത്സ്യബന്ധനവും സാംസ്കാരികവും	12,13,995/- ,,
ആരോഗ്യവും സ്പോർട്സും	17,30,812/- ,,
ധനകാര്യവും എക്സൈസും	10,81,485/- ,,
വ്യവസായവും സാമൂഹ്യക്ഷേമവും	18,07,727/- ,,
ആകെ	2,04,41,962/- രൂപ

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം-XI (b)

നായനാർ മന്ത്രിസഭയിലെ ഓരോ മന്ത്രിമാരുടേയും ഔദ്യോഗിക വസതിയിലെ ടെലിഫോണുകൾക്കു കാൾ ചാർജ്/വാടക ഇനത്തിൽ ചെലവായ തുക (30.11.2000 വരെ)

മന്ത്രി	ചെലവായ തുക
മുഖ്യമന്ത്രി	23,74,121/- രൂപ
ജലസേചനം ആന്റ് തൊഴിൽ	8,97,934/- ,,
ഭക്ഷ്യം ആന്റ് വിനോദ സഞ്ചാരം	10,80,314/- ,,
റവന്യൂ	10,96,274/- ,,
വിദ്യാഭ്യാസവും മരാമത്തും	28,96,189/- ,,
വനവും ഗതാഗതവും ദേവസ്വവും	18,64,520/- ,,
തദ്ദേശസ്വയംഭരണം	5,57,735/- ,,
വൈദ്യുതിയും സഹകരണവും	8,82,102/- ,,
പിന്നോക്ക വിഭാഗ ക്ഷേമം	4,61,599/- ,,
കൃഷി	14,64,292/- ,,
മത്സ്യ ബന്ധനവും സാംസ്കാരികവും	24,09,202/- ,,
ആരോഗ്യവും സ്പോർട്സും	19,48,118/- ,,
ധനകാര്യവും എക്സൈസും	7,00,831/- ,,
വ്യവസായവും സാമൂഹ്യക്ഷേമവും	11,95,341/- ,,
ആകെ	1,98,28,576/- രൂപ

അനുബന്ധം-XI (c)

നായനാർ മന്ത്രിസഭയിലെ ഓരോ മന്ത്രിമാരുടേയും നിയോജകമണ്ഡലത്തിലെ വീടുകളിലെ ടെലിഫോണുകൾക്കു കാൾ ചാർജ്/വാടക ഇനത്തിൽ ചെലവായ തുക (30.11.2000 വരെ)

മന്ത്രി	ചെലവായ തുക
മുഖ്യമന്ത്രി	3,40,036/- രൂപ
ജലസേചനം ആന്റ് തൊഴിൽ	94,159/- ,,
ഭക്ഷ്യം ആന്റ് വിനോദ സഞ്ചാരം	24,646/- ,,
റവന്യൂ	5,85,502/- ,,
വിദ്യാഭ്യാസവും മരാമത്തും	6,95,732/- ,,
വനവും ഗതാഗതവും ദേവസ്വവും	55,537/- ,,
തദ്ദേശ സ്വയംഭരണം	ഇല്ല
വൈദ്യുതിയും സഹകരണവും	14,327/- ,,
പിന്നോക്ക വിഭാഗ ക്ഷേമം	2,216/- ,,
കൃഷി	22,131/- ,,

LIBRARY ARCHIVES Kerala Legislative Assembly

മത്സ്യബന്ധനവും സാംസ്കാരികവും	70,549/- „
ആരോഗ്യവും സ്പോർട്സും	74,732/- „
ധനകാര്യവും എക്സൈസും	10,264/- „
വ്യവസായവും സാമൂഹ്യക്ഷേമവും	1,29,582/- „
ആകെ	21,19,413/- രൂപ

അനുബന്ധം-XII

18.12.2000-ലെ നക്ഷത്രചിഹ്നമിടാത്ത 11 (14)-ാം നമ്പർ ചോദ്യം
ദയവായി കാണുക

ധനകാര്യ വകുപ്പിൽ പുതുതായി സൃഷ്ടിച്ച തസ്തികകൾ

അഡീഷണൽ സെക്രട്ടറി	3
ഡെപ്യൂട്ടി സെക്രട്ടറി	3
അണ്ടർ സെക്രട്ടറി	2
സെക്ഷൻ ഓഫീസർ	11
അക്കൗണ്ടസ് ഓഫീസർ	2
അസിസ്റ്റന്റ് ഗ്രേഡ് 2	15
കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്	3
ആഫീസ് സൂപ്രണ്ട്	1
ടൈപ്പിസ്റ്റ്	7
ക്ലറിക്കൽ അസിസ്റ്റന്റ്	1
പ്യൂൺ	10
ആകെ	58 എണ്ണം

നിയമവകുപ്പിൽ പുതുതായിസൃഷ്ടിച്ച തസ്തികകൾ

അഡീഷണൽ സെക്രട്ടറി	ഒന്ന്
ജോയിന്റ് സെക്രട്ടറി	ഒന്ന്
ഡെപ്യൂട്ടി സെക്രട്ടറി	ഒന്ന്
അണ്ടർ സെക്രട്ടറി	ഒന്ന്
സെക്ഷൻ ഓഫീസർ	രണ്ട്
ലീഗൽ അസിസ്റ്റന്റ്	മൂന്ന്
കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്	ഒന്ന്
പ്യൂൺ	ഒന്ന്
ആകെ	11 (പതിനൊന്ന്)

LIBRARY ARCHIVES Kerala Legislative Assembly